# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/916/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/916/22 തീയ്യതി: 23/07/2022

## കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കരുവാങ്കണ്ടി ബാലൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.ലത.കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.പ്രസാദ്.വി.വി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ജീജ.പി.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ.പ്രണാം.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-01-2021 |
| ശ്രീമതി.രമ്യ കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2021 | 26-02-2021 |
| ശ്രീ.മുരുകേശൻ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 27-02-2021 | 31-03-2021 |
| ശ്രീ.വിനീത് | കൃഷി ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീമതി.ബീന.എസ്.ജോർജ് | കൃഷി ഓഫീസർ | 05-06-2020 | 31-12-2020 |
| ശ്രീ.സ്വരൂപ്.പി.എസ് | കൃഷി ഓഫീസർ | 01-01-2021 | 18-01-2021 |
| ശ്രീമതി.ബിന്ദു.കെ.മാത്യു | കൃഷി ഓഫീസർ | 19-01-2021 | 31-03-2021 |
| ശ്രീമതി.രമ്യ.വി.കെ | വി.ഇ.ഒ (പുത്തൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി.മെറിൻ ജോസ്ന ഗോൺസാൽവസ് | വി.ഇ.ഒ (കൊളവല്ലൂർ) | 01-04-2020 | 31-03-2021 |
| ഡോ.സൽമത്ത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.അമ്പിളി.സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.നീനു.സി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അഞ്ജു | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിത.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഇ.കെ.നാസിറ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.ജയൻ.എം.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.റിതുൽ രാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-01-2021 |
| ശ്രീമതി. സരിത.കെ.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-01-2021 | 31-03-2021 |

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ , കൃഷി ഓഫീസർ എന്നിവരടങ്ങിയ ഭരണ നിർവഹണ സമിതിയാണ് 12-11-2020 മുതൽ 29-12-2020 വരെ ഭരണ നിർവഹണം നടത്തിയിരുന്നത്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 21-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 21-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 05-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pradeep Kumar M (Audit Officer, On 18-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Dhanya M (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-8 |
| 10 | ക്യാഷ് ബുക്കിലെ തുകയിൽ വ്യത്യാസം<br>Written By: Dhanya M (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-8-1 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 21-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 21-06-2022) | 1-9 |
| 12 | ഗ്രാമസഭ<br>Written By: Pradeep Kumar M (Audit Officer, On 03-07-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 03-07-2022) | 1-10 |
| 13 | ആസ്തി പരിപാലനം<br>Written By: Pradeep Kumar M (Audit Officer, On 03-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-11 |
| 14 | എഫ് ടി ഇ& ഒ എസ് ലൈസൻസ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-12 |
| 15 | കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് ഈടാക്കിയത് കൃത്യമല്ല<br>Written By: Dhanya M (Auditor, On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-13 |
| 16 | ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 03-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-14 |
| 17 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ - സംയുക്ത പരിശോധന | 1-15 |

| | | |
|---|---|---|
| | നടത്തിയിട്ടില്ല<br>Written By: Pradeep Kumar M (Audit Officer, On 03-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | |
| 18 | നെൽകൃഷി വികസനം രേഖകൾ ലഭ്യമാക്കിയില്ല ₹ 77520യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 21-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 03-07-2022) | 1-16 |
| 19 | കാർഷിക പദ്ധതികൾ- ഫലപ്രദമായ മോണിട്ടറിങ് ഉറപ്പുവരുത്തണം<br>Written By: Vipina Valsaraj (Senior Grade Auditor, On 23-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-17 |
| 20 | അംഗൻവാടികൾക്ക് കുഴൽക്കിണർ -നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-18 |
| 21 | പാലിന് സബ്സിഡി പ്രോജക്ട്- ഹാജരാക്കിയ രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ₹275000 തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-19 |
| 22 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ - കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-20 |
| 23 | തെരുവ് നായ നിയന്ത്രണ പരിപാടി- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-21 |
| 24 | അക്കൗണ്ടിങ്ങിലെ അപാകതകൾ -ജി എൽ പി എസ് പുത്തൂർ<br>Written By: Shiju A (Asst. Audit Officer, On 24-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1- 22 |
| 25 | എസ് സി വിഭാഗത്തിൽപ്പെട്ട സ്വയം സംരംഭകർക്ക് ഇരുചക്ര വാഹനം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 40364 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Shiju A (Asst. Audit Officer, On 25-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-23 |
| 26 | എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകളായ സ്വയം തൊഴിൽ സംരംഭകർക്ക് ഇരുചക്ര വാഹനം -അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 25-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 22-07-2022) | 1-24 |
| 27 | എസ്.ടി. വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക രൂപ 100000/- തടസ്സപ്പെടുത്തുന്നു<br>Written By: Shiju A (Asst. Audit Officer, On 25-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-25 |
| 28 | വി സി ബി മെയിന്റനൻസ്-അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 25-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-26 |
| 29 | കുഞ്ചിപ്പറമ്പത്ത് മുക്ക് കുട്ടാമ്പള്ളി റോഡ് ടാറിങ്-അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 25-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-27 |
| 30 | കുവേരി ഖാദിസിയ മസ്ജിദ് റോഡ് കലുങ്ക് നിർമ്മാണം -ജി എസ് ടി ഇൻവോയ്സുകൾ കരാറുകാരൻ ഹാജരാക്കിയതായി കാണുന്നില്ല<br>Written By: Shiju A (Asst. Audit Officer, On 25-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-28 |
| 31 | റോഡ് പ്രവൃത്തി - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 24-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-29 |
| 32 | ഐ.കെ.എം.ന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ | 1-30 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 03-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 04-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 22-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 22-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 22-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 22-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 22-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |

| | |
|---|---|
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 16-03-2020 തീയതിയിലെ 104/20(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20-02-2021 ലെ 42/21 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 35868762 | 51397918 |
| വരവ് | 207578500 | 202512940 |
| ആകെ | 243447262 | 253910858 |
| ചെലവ് | 235906800 | 239326058 |
| നീക്കിയിരിപ്പ് | 7540462 | 14584800 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 16-08-2021 | തിരിച്ചയച്ചിട്ടില്ല | -- |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര് യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

4) വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

5) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ 2020-21 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്, എന്നിവയുടെ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

6)സാംഖ്യയിൽ നിന്ന് ഡാറ്റാ ILGMS ലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ മൊത്തത്തിലുള്ള ആസ്തി ബാധ്യതകളിൽ മാറ്റമില്ലെങ്കിലും താഴെ പറയുന്ന ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | ഷെഡ്യൂൾ (സാംഖ്യ | കോഡ് (സാംഖ്യ) | ഇനം | സാംഖ്യ പ്രകാരമുള്ള തുക | ILGMS പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | B-3 | 312000000 | Reserves | 65704645 | 65774645 |

| | | | | | |
|---|---|---|---|---|---|
| 2 | B-4 | 320000000 | Grants &Contribution For Specific Purpose | 8609258 | 9976956 |
| 3 | B-9 | 350000000 | Other Liabilities | 2984999.76 | 1547301.76 |

7) ILGMS ൽ പുതുതായി ഉൾപ്പെടുത്തിയതും, ഒഴിവാക്കിയതുമായ ശീർഷകങ്ങൾ പരിഗണിക്കാതെ സാംഖ്യയിൽ Accumulated Depreciation എന്ന ഷെഡ്യൂളിൽ 22-09-2020 ലെ നീക്കിയിരിപ്പ് തുക മാറ്റം വരുത്താതെ ILGMS ൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 50863705 |
| വരവ് | 78376479 |
| ആകെ | 129240184 |
| ചെലവ് | 103416597 |
| നീക്കിയിരിപ്പ് | 25823587 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 492884 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 18036000 | 18036000 | 18036000 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 971000 | 971000 | 953944 | 17056 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 256000 | 256000 | 256000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 14400000 | 14400000 | 12179745 | 2220255 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 5854000 | 5854000 | 3195013 | 2658987 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. (പെർഫോമൻസ് ഗ്രാന്റ് ) | 0 | 7020000 | 7020000 | 1571477 | 5448523 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ് ) | 0 | 14508887 | 14508887 | 9518618 | 4990269 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 4141 | 43053468 | 43057609 | 43043972 | 13637 |
| ടി.എസ്.സി. | 491592 | 3435639 | 3927231 | 2858329 | 1068902 |
| ഐ.സി.ഡി.എസ്. | 184817 | 1319475 | 1504292 | 1000000 | 504292 |

| | | | | | |
|---|---|---|---|---|---|
| ശിശു സൗഹൃദ ടോയിലറ്റ്, അങ്കണ വാടികൾക്ക് ബോർഡ് | 70000 | 75000 | 145000 | 70000 | 75000 |
| ജലനിധി | 3425294 | 85447 | 3510741 | 0 | 3510741 |
| എം.പി.ഫണ്ട് | 60335 | 1506 | 61841 | 0 | 61841 |
| സാക്ഷരത | 7998 | 199 | 8197 | 0 | 8197 |
| വിമുക്തി | 15700 | 0 | 15700 | 0 | 15700 |
| കില ട്രെയിനിങ്ങ് | 0 | 13675 | 13675 | 12600 | 1075 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 309 | 134000147 | 241 | 83846324 | 31 | 59 | 67 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 19 | 14 | 7731836 | 3445060 | 45 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 7330130 | 6820343 | 93 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | 12 | 8 | 5530000 | 2393642 | 43 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 80000 | 65776 | 82 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വി ഇ ഒ -1 | 13 | 11 | 11174376 | 4477519 | 40 |
| വി ഇ ഒ -2 | 13 | 10 | 5496400 | 3140460 | 57 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 8 | 7102264 | 6538354 | 92 |
| സെക്രട്ടറി | 37 | 27 | 10716819 | 6026067 | 56 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 161 | 123 | 68067419 | 42973265 | 63 |
| ഹെഡ് മാസ്റ്റർ | 10 | 7 | 3209250 | 2668457 | 83 |
| അസിസ്റ്റന്റ് സെക്രട്ടറി | 22 | 21 | 3607653 | 2701163 | 75 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 2979000 | 1821218 | 61 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 475000 | 275000 | 58 |
| | 309 | 241 | 134000147 | 83846324 | 63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4141 | 1043230 | 1047371 | 1033734 | 13637 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42010238 | 42010238 | 42010238 | 0 |
| ആകെ | 4141 | 43053468 | 43057609 | 43043972 | 1363 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 9612500 | 459 |
| വിധവാ പെൻഷൻ | 33137600 | 1723 |
| വാർദ്ധക്യകാല പെൻഷൻ | 45512400 | 2312 |
| വികലാംഗ പെൻഷൻ | 9007600 | 468 |
| അവിവാഹിത പെൻഷൻ | 4354700 | 226 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2022 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23205രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-8-1 ക്യാഷ് ബുക്കിലെ തുകയിൽ വ്യത്യാസം

കാഷ് ബുക്കും ഡേ ബുക്കും തമ്മിൽ 18.06.2022 തീയതിയിൽ 4090 രൂപ വ്യത്യാസം ഉണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.18/18.06. 2022) മറുപടിയായി 11.03.2022 വരെ കൃത്യമായ കാഷ് ബുക്ക് 14.03.2022 മുതലാണ് ഇപ്രകാരം തെറ്റായി കാണപ്പെട്ടതെന്നും ആയത് പരിഹരിക്കുന്നതിനായി ഐ എൽ ജി എം എസിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കാഷ് ബുക്കിലെ മേൽ സൂചിപ്പിച്ച അപാകം പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, ഐ.എൽ.ജി.എം.എസ് നടപ്പാക്കുന്നതിലെ പുരോഗതിയും വിലയിരുത്തപ്പെടുന്നുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിലും 2020-21 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2021 ഫെബ്രുവരി മാസം നടന്ന ഗ്രാമസഭായോഗത്തിന്റെ പ്രധാന അജണ്ട 2021-22 വർഷത്തെ പദ്ധതി രൂപീകരണം, 2020-21 ലെ വാർഷിക പദ്ധതി അവലോകനം, ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയായിരുന്നു.

## 1-11 ആസ്തി പരിപാലനം

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പുഴപുറമ്പോക്ക് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമികളുടെ വിവരം ലഭ്യമാക്കുന്നതിനായി തലശ്ശേരി തഹസിൽദാർ, കൊളവല്ലൂർ വില്ലേജ് ഓഫീസർ, പുത്തൂർ വില്ലേജ് ഓഫീസർ എന്നിവർക്ക് കത്ത് നല്കിയിരുന്നെന്നും എന്നാൽ കൊളവല്ലൂർ വില്ലേജിൽ നിന്നുള്ള വിവരം ലഭ്യമായിട്ടില്ലെന്നും പുത്തൂർ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പുറമ്പോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/17-06-2022) സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. കൊളവല്ലൂർ വില്ലേജ് ഓഫീസിൽ നിന്നുള്ള വിവരം കൂടി ലഭ്യമാക്കി പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും കൈയ്യേറ്റങ്ങളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതിർത്തി റീ-സർവേ നടത്തി തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റീ-സർവെ റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും കൈയ്യേറ്റങ്ങളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 എഫ് ടി ഇ& ഒ എസ് ലൈസൻസ് അപാകങ്ങൾ

1. ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയില്ല

1.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.12.2018 തീയതിയിലെ 7/215/18 നമ്പർ തീരുമാനപ്രകാരം മൂലധനനിക്ഷേപം 25 ലക്ഷം വരെയുള്ള സ്ഥാപനങ്ങളെ(ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസ് 500 രൂപ) വിവിധ സ്ലാബുകളാക്കി തിരിച്ച് 200,300,500 രൂപ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് .

ചട്ടപ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500,1000,5000,10000,15000 എന്നിങ്ങനെയാണ്. മേൽ പരാമർശിച്ച ഭരണസമിതി തീരുമാനത്തിൽ മൈക്രോ എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്ക് മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ. എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് മേൽ പ്രകാരമല്ല ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|---|
| ഹോളോബ്രിക്സ് നിർമ്മാണം/ ഉൽപ്പാദന മേഖല | 15/4A | ശ്രീജ കെ | 3.2 ലക്ഷം | 2000, 1200100920/30.09.2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/16.06.2022) മറുപടിയായി മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് 2017-18 മുതൽ ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 2000 രൂപ കണക്കായി ആയത് പ്രകാരമാണ് ഈടാക്കി വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ജി.ഒ.(പി) 80/2017 പ്രകാരം ലൈസൻസ് ഫീസ് ചുമത്തേണ്ടത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായതിനാൽ മേൽ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.മോട്ടോർ റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്റ്റോൺ ക്രഷറുകൾക്ക് 4/5 വർഷത്തേക്ക് ഒരുമിച്ച് ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിക്കുന്നത്. എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (1/16.06.2022) സ്ഥാപനങ്ങളിൽ നിന്നും മോട്ടോർറണ്ണിംഗ് ഫീസ് ഈടാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കിയ തുക/ രശീത് നമ്പർ,തീയതി |
|---|---|---|---|
| 1 | സിജി ജോർജ്ജ് | ഹോളി ഫാമിലി സ്റ്റോൺ ക്രഷർ | 10000 / 1220101629, 18.06.2022<br>5000 /1220101630, 18.06.2022<br>5000 / 1220101631, 18.06.2022 |
| 2 | രാജീവൻ എം | പാനൂർ ഗ്രാനൈറ്റ് സ്റ്റോൺ ക്രഷർ | 1000 / 1220101658, 20.06.2022<br>2000 / 1220101659, 20.06.2022<br>2000 / 1220101660, 20.06.2022 |
| 3 | കൃഷ്ണദാസ് ടി സി | ടി സി ഇൻഡസ്ട്രീസ് സ്റ്റോൺ ക്രഷർ | 1000 / 1220101647, 18.06.2022<br>2000 / 1220101648, 18.06.2022 |
| ഈടാക്കിയ ആകെ തുക | | | 28000 |

സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് ഈടാക്കിയത് കൃത്യമല്ല

കേരളപഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ഷെഡ്യൂൾ 2 പ്രകാരം 150 സ്ക്വയർ മീറ്റർ വരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീസ് സ്ക്വയർ മീറ്ററിന് 3.5 രൂപയാണ്. ആയത് പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള ക്രമവൽക്കരണ ഫീസ് 7 രൂപയാണ് ഈടാക്കേണ്ടത്. എന്നാൽ താഴെപറയുന്ന കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ഫീസായി സ്ക്വയർ മീറ്ററിന് 14 രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമനമ്പർ (രജിസ്റ്റർ പ്രകാരം) | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | ഫ്ലോർ ഏരിയ | ഈടാക്കിയ തുക, രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 36 | ബാബു | റെസിഡെൻഷ്യൽ | 103.01 | 1443, 1200101176/07.10.2020 |
| 38 | രാജേഷ് | റെസിഡെൻഷ്യൽ | 124.12 | 1738,120040100892/05.08.2020 |
| 41 | ഇ.എം. സുമേഷ് | റെസിഡെൻഷ്യൽ | 139.73 | 1956,120040100217/11.06.2020 |
| 94 | കനകൻ ടി | റെസിഡെൻഷ്യൽ | 127.52 | 1786,120040100214/11.06.2020 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/18.06.2022)ന് മറുപടിയായി ഫീസ് തെറ്റായി ഈടാക്കിപ്പോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫീസ് ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-14 ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം 2020-21 വർഷം വരെ 162367 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2017-18 | 33400 |
| 2 | 2019-20 | 47101 |
| 3 | 2020-21 | 81866 |
| | ആകെ | 162367 |

മേൽ കണക്ക് പ്രകാരം 2017-18 വർഷം മുതലുള്ള തുകയാണ് പഞ്ചായത്തിന് ലഭിക്കാനുള്ളത്. 2017-18വർഷത്തിന് മുമ്പ് ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാവേണ്ട തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ - സംയുക്ത പരിശോധന നടത്തിയിട്ടില്ല

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിൽ പാറാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 82334 രൂപയും പാട്യം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 1032 രൂപയും ഒടുക്കുന്നുണ്ട്. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാത്രമാണ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (20/18-06-2022) സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി ക്ക് കത്ത് നല്കിയെങ്കിലും കെ.എസ്.ഇ.ബി മറുപടി നല്കിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2019-20 വർഷം 599296 രൂപ കെ.എസ്.ഇ.ബി യിൽ ഒടുക്കിയെങ്കിലും ഇതേവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാത്രമാണ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായിചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തമായി പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് നിർദ്ദേശം നല്കേണ്ടതുമാണ്.

## 1-16 നെൽകൃഷി വികസനം രേഖകൾ ലഭ്യമാക്കിയില്ല ₹ 77520യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 66/21നെൽകൃഷി വികസനം |
| അടങ്കൽ | ₹67200 വികസന ഫണ്ട്<br>₹21600 തനത് ഫണ്ട്<br>ആകെ ₹ 88800 |

| | |
|---|---|
| ചെലവ് | ₹65520<br>ബിൽ നമ്പർ,തീയ്യതി<br>20220752007701224926/10.03.21<br>₹12000<br>ചെക്ക് നമ്പർ 007887/31.03.21<br>ആകെ ₹ 77520 |

നെൽകൃഷി വികസനം എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹12000 തനത് ഫണ്ട് ചെലവഴിച്ച് RARS അമ്പലവയലിൽ നിന്നും 1kg ആതിര നെൽവിത്തിന്റെ 300 പാക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹65520 വികസനഫണ്ട് മുകളിൽ കൊടുത്ത പ്രകാരം പിൻവലിച്ച് ജോയിന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറിന്റെ 67252297994 നമ്പർ SBI അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമല്ല. കൈമാറിയ തുക എന്തിനു വേണ്ടി ചെലവഴിച്ചു എന്നത് സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/20.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ₹ 77520യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 കാർഷിക പദ്ധതികൾ- ഫലപ്രദമായ മോണിട്ടറിങ് ഉറപ്പുവരുത്തണം

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 19 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 14 പദ്ധതികളാണ് നടപ്പാക്കിയത്. നെൽകൃഷി, പച്ചക്കറിക്കൃഷി, വാഴക്കൃഷി, ഇടവിളക്കൃഷി എന്നിവയുടെ പ്രോത്സാഹനത്തിന് സഹായിക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തരിശുഭൂമിയിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും തൻവർഷം നടപ്പാക്കിയിട്ടില്ല. ഉത്പാദനമേഖലയിലെ സ്ഥായിയായ വളർച്ച ഉറപ്പുവരുത്തുന്നതിൽ ഈ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് ദീർഘകാലാടിസ്ഥാനത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ മതിയായ പഠനം നടത്തി ദീർഘകാലാടിസ്ഥാനത്തിൽ സ്ഥായിയായ വികസനം സാധ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്. നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണഫലപ്രാപ്തിയിലെത്തുന്നു എന്നുറപ്പുവരുത്തുന്നതിന് ഫലപ്രദവും കൃത്യവുമായ മോണിട്ടറിങ് സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 അംഗൻവാടികൾക്ക് കുഴൽക്കിണർ -നിർമ്മാണം പൂർത്തീകരിച്ചില്ല

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 338/21 കുന്നോത്ത് പറമ്പ് അങ്കണവാടിക്ക് ട്യൂബ് വെൽ നിർമ്മാണം | 337/21 ളവക്കുന്ന് അങ്കണ വാടിക്ക് ട്യൂബ് വെൽ നിർമ്മാണം | 151/21 അങ്കണവാടിക്ക് കുഴൽകിണർ നിർമ്മാണം |
| അടങ്കൽ | ₹70000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | ₹70000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | ₹10000 കേന്ദ്രാവിഷ്കൃതഫണ്ട്<br>₹60000 റോഡിതര സംരക്ഷണഗ്രാന്റ്<br>ആകെ : ₹70000 |
| ചെലവ് | ₹43000 | ₹40000 | ₹10000 കേന്ദ്രാവിഷ്കൃതഫണ്ട്<br>₹60000 റോഡിതര സംരക്ഷണഗ്രാന്റ്<br>ആകെ : ₹70000 |
| ബിൽ നമ്പർ,ചെക്ക് നമ്പർ / | 20220752007901109258/ 18.02.21 | 20220752007901109257/ 18.02.21 | 20220752007901031969/ 03.02.21, ₹60000<br>ചെക്ക് നമ്പർ 1213238 |

| | | | |
|---|---|---|---|
| തീയ്യതി | | | /17.02.21:10000 |

അങ്കണവാടികൾക്ക് കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള മേൽ പ്രോജക്ടുകൾ പ്രകാരം ഭൂജലവകുപ്പിന് മുകളിൽ കൊടുത്ത പ്രകാരം തുക കൈമാറിയിട്ടുണ്ട്.മേൽ കുഴൽകിണറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂജലവകുപ്പിൽ നിന്നുള്ള പൂർത്തീകരണവിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വാല്വേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/16.06.22 ന് കുന്നോത്ത് പറമ്പ് അങ്കണവാടി കുഴൽകിണർ നിർമ്മാണം 09.03.22ന് പൂർത്തിയായിട്ടുണ്ടെന്നും മറ്റു രണ്ട് കുഴൽകിണറുകളുടെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുഴൽകിണറുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് പൂർത്തീകരണസാക്ഷ്യപത്രവും കൈമാറിയ തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കേണ്ടതാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മോണിട്ടറിംഗ് റിപ്പോർട്ടിൽ പ്രവൃത്തിസ്ഥലം സന്ദർശിച്ച് പ്രവൃത്തി പൂർത്തീകരിച്ചത് നേരിട്ട് ബോധ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഓഡിറ്റ് തീയ്യതി വരെയും കുഴൽകിണർ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നിരിക്കെ ഈ വിധം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ സാഹചര്യം വ്യക്തമല്ല. ആയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-19 പാലിന് സബ്സിഡി പ്രോജക്ട്- ഹാജരാക്കിയ രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ₹275000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിന് സബ്സിഡി |
| പ്രൊജക്ട് നമ്പർ | 178/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ<br>ആകെ | ₹275000/-തനത്ഫണ്ട്<br>₹100000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹100000/ ജില്ലാ പഞ്ചായത്ത് വിഹിതം<br>₹475000 |
| ചെലവ് തുക,ചെക്ക് നം,തീയതി | ₹275000, 007895,31.03.2021 |

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. മേൽ പ്രോജക്ടുമായി ബന്ധപ്പട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമല്ല.

2.സബ്സിഡി തുക ഗുണഭോക്താക്കളുടെ ബേങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ സാംഖ്യയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിലെ ഗുണഭോക്താക്കളുടെ വിവരങ്ങളും ഹാജരാക്കിയ സാംഖ്യ ബില്ലിലെ ഗുണഭോക്താക്കളുടെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. സാംഖ്യ ബിൽ പ്രകാരം 112 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബേങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ രേഖ പ്രകാരം 68 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് ₹275000 ക്രഡിറ്റ് ആയിട്ടുള്ളത്.

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/20.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ രേഖകൾ കൃത്യമല്ലാത്തതിനാൽ ചെലവ് തുകയായ ₹275000 തടസ്സപ്പെടുത്തുന്നു. മേൽ അപാകം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ - കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പുത്തൂർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 356/21 ക്ളീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹137088 തനത് ഫണ്ട് |
| ചെലവ് | ₹137088<br>വൗച്ചർ നമ്പർ 22000362/09.03.21 |

ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ എന്ന മേൽ പദ്ധതി പ്രകാരം ₹137088 ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം കൈമാറിയ തുകയുടെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ്

എൻക്വയറി നമ്പർ 25 തീയതി 20.06.2022).

## 1-21 തെരുവ് നായ നിയന്ത്രണ പരിപാടി- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പരും പേരും | 64/21 തെരുവ് നായ നിയന്ത്രണ പരിപാടി |
| അടങ്കൽ | ₹50000 തനത് ഫണ്ട് |
| ചെലവ് | ₹50000<br>ചെക്ക് നമ്പർ 2655317/26.02.21 |

തെരുവ് നായ നിയന്ത്രണത്തിനായി ജില്ലാപഞ്ചായത്തുമായി സംയോജിച്ച് നടപ്പിലാക്കുന്ന മേൽ പ്രോജക്ട് പ്രകാരം 05.05.17ലെ സർക്കാർ ഉത്തരവ് നമ്പർ 1450/17 ത.സ്വ.ഭ.വ യുടെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും ₹50000 മുകളിൽ കൊടുത്ത പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയ്ക്ക് ജില്ലാപഞ്ചായത്തിൽ നിന്നും കൈപ്പറ്റ് രശീതിയും തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/16.06.22 ന് നൽകിയ മറുപടിയിൽ വിനിയോഗവിവരം ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്തിന് കത്തയച്ചതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ അറിയിക്കേണ്ടതാണ്.

## 1- 22 അക്കൗണ്ടിങ്ങിലെ അപാകതകൾ -ജി എൽ പി എസ് പുത്തൂർ

ജി.എൽ.പി.എസ് പുത്തൂരിന്റെ കാഷ് ബുക്ക് പരിശോധിച്ചതിൽ കാഷ് ബുക്ക് നാൾ വഴിയായി എഴുതുന്നതായി കാണുന്നില്ല . 2/2 /21 ലെ ട്രാൻസാക്ഷൻ കഴിഞ്ഞതിനു ശേഷം പിന്നീട് വരുന്ന ട്രാൻസാക്ഷനുകൾ ഇപ്രകാരമാണ് 25/3/20, 12/2/21, 2/3/20, 21/12/19, 26/9/19, 28/3/19, 5/3/21. ഭാവിയിൽ ക്യാഷ് പുസ്തകം നാൾവഴിയായി എഴുതേണ്ടതാണ്. (എൻക്വയറി നമ്പർ 3/16-06-2022)

## 1-23 എസ് സി വിഭാഗത്തിൽപ്പെട്ട സ്വയം സംരംഭകർക്ക് ഇരുചക്ര വാഹനം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 40364 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 314/21 എസ്.സി വിഭാഗത്തിൽപ്പെട്ട സ്വയം സംരംഭകർക്ക് ഇരുചക്ര വാഹനം |
| അടങ്കൽ തുക: | 44914<br>(വികസന ഫണ്ട്, എസ്.സി.പി)<br>160269 (തനത് ഫണ്ട്)<br>205183 ആകെ |
| ചെലവ് തുക | 40364<br>(വികസന ഫണ്ട്, എസ്.സി.പി)<br>Bill No. 2008700479422/26/8/20 40364 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1) ഇരുചക്ര വാഹനം പൂർണ പ്രവർത്തന ക്ഷമതയിൽ ഗുണഭോക്താവിന് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) ഗുണഭോക്താവ് സ്വയം തൊഴിൽ സംരംഭം ആരംഭിച്ചു എന്നതിന്റെയോ, ആയതു നന്നായി പ്രവർത്തിക്കുന്നുണ്ട് എന്നതിന്റെയോ വിശകലന രേഖകൾ ലഭ്യമല്ല.

3) തൻവർഷം മേൽ തുക സബ്സിഡി ആയി അനുവദിക്കപ്പെട്ട ശ്രീമതി സജിഷ.കെ.കെ എന്നവരുടെ അപേക്ഷ ഫയലിൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 22/20-06-2022) ആവശ്യപ്പെട്ട രേഖകൾ പിന്നീട്

സമർപ്പിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക രൂപ 40364/- തടസ്സപ്പെടുത്തുന്നു. ലഭ്യമാക്കാത്ത മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സവാദം നീക്കേണ്ടതാണ്.

## 1-24 എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകളായ സ്വയം തൊഴിൽ സംരംഭകർക്ക് ഇരുചക്ര വാഹനം -അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് & നമ്പർ | 150/21 എസ്.സി. വിഭാഗത്തിൽപ്പെട്ട വനിതകളായ സ്വയംതൊഴിൽ സംരംഭകർക്ക് ഇരുചക്ര വാഹനം |
| അടങ്കൽ തുക | 218620 (വികസന ഫണ്ട്, എസ്.സി.പി)<br>96380 (തനത് ഫണ്ട്)<br>315000 ആകെ |
| ചെലവ് തുക | 165793 (വികസന ഫണ്ട്,എസ്.സി.പി)<br>Bill No. 2008701352617/25/3/21 - 39385<br>2008701351171/25/3/21 – 42780<br>2008701352580/25/3/21 – 39385<br>2008701351179/25/3/21- 44243 |

ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്. ഇത്തരത്തിലുള്ള മാറ്റങ്ങളാണ് സമൂഹത്തിൽ സാമ്പത്തിക സമത്വം, സാമൂഹിക സമത്വം, ലിംഗ സമത്വം തുടങ്ങിയ സാമൂഹിക ഉന്നതികളിലേക്കു നയിക്കുന്നത്. ഇവിടെ എസ്.സി. വിഭാഗത്തിൽപ്പെട്ട വനിതകളായ സ്വയം തൊഴിൽ സംരംഭകർക്ക് ഇരുചക്ര വാഹനം എന്ന പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് ഇരുചക്ര വാഹനങ്ങൾക്കു സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ അവരുടെ അപേക്ഷയിൽ പറയും പ്രകാരമുള്ള തൊഴിൽ ആരംഭിച്ചിട്ടുണ്ട് എന്നോ, അത് വിജയകരമാണ് എന്നോ, അതുവഴി സാമ്പത്തിക ഉന്നമനവും ഗുണഭോക്താക്കളുടെ ജീവിത നിലവാരത്തിൽ ഉയർച്ചയും ഉണ്ടായിട്ടുണ്ട് എന്നോ കാണിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ. ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതി കൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം ചെയ്യുകയും ചെയ്യേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.11/2018/തസ്വഭവ തീയതി 29.1.2018 ഖ-13ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 എസ്.ടി. വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക രൂപ 100000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് & നമ്പർ | 147/21 എസ്.ടി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| അടങ്കൽ തുക | 29661 (വികസന ഫണ്ട്-ടി.എസ്.പി)<br>70339 (തനത് ഫണ്ട്)<br>100000/- (ആകെ) |
| ചെലവ് തുക | 100000<br>Bill No. 2008701443085/30/3/21-29661/- (വികസന ഫണ്ട്-ടി.എസ്.പി)<br>432/30-3-21-70339/- (തനത് ഫണ്ട്) |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1) ഈ പദ്ധതി പ്രകാരം ശ്രീ. ദാരപ്പൻ എന്നയാൾക്ക് മകളുടെ വിവാഹധന സഹായമായി മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇദ്ദേഹം ഹാജരാക്കിയ ബാങ്ക് പാസ് ബുക്കിന്റെ മുൻപേജിന്റെ പകർപ്പിൽ ഇദ്ദേഹത്തിന്റെ അഡ്രസ് ശ്രീ. രയരപ്പൻ, S/o ചന്തു കാണിയൂവേലെറി, നരിക്കോട് എന്നാണ്. ഇദ്ദേഹത്തിന്റെ ആധാർ കാർഡിന്റെ പകർപ്പിലെ അഡ്രസ് ശ്രീ ദാരപ്പൻ S/o ചന്തു, കിണറുള്ളപ്പറമ്പത്ത്, കണ്ണയാട്ട്, കൊളവല്ലൂർ എന്നാണ്. രണ്ടും ഒരാളാണോ എന്ന് വ്യക്തമല്ല. രണ്ടും ഒരാളാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്.

2) വിവാഹ ധന സഹായത്തിനുള്ള അപേക്ഷ ഫയലിൽ ലഭ്യമല്ല

3) ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല

4) പെൺകുട്ടിയുടെ ആധാറിന്റെ കോപ്പി ലഭ്യമാക്കിയിട്ടില്ല .
ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19) ആവശ്യപ്പെട്ട രേഖകൾ പിന്നീട് സമർപ്പിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 100000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം നീക്കേണ്ടതാണ്.

## 1-26 വി സി ബി മെയിന്റനൻസ്-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് & നമ്പർ | 282/21 വി.സി.ബി. മെയിന്റനൻസ് |
| അടങ്കൽ തുക | 325000 (തനത് ഫണ്ട്) |
| ചെലവ് തുക | 100537<br>Bill No. 010578/26/8/20 (Chq) |
| Agreement No. | AE/LSGD/KNP/76/19-20<br>Dt. 17/3/20 |
| MB No- | 73/20 |
| കോൺട്രാക്ടർ | രമേഷ് ബാബു കെ |

പഞ്ചായത്തിലെ അഞ്ചു വി.സി.ബി. കൾ മെയിന്റനൻസ് നടത്തുന്നതിനാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) അഞ്ചു വി.സി.ബി. കൾ മെയിന്റനൻസ് നടത്തുന്നതിനായി 325000 രൂപ ആകെ ചെലവ് വരുന്ന എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഇവിടെ 100537 രൂപ ചിലവിൽ ഒരു വി സി ബി യുടെ പ്രവൃത്തി മാത്രമാണ് നടന്നിരിക്കുന്നത്.

2) പ്രവൃത്തി വ്യതിയാനത്തിന് നിദാനമായി കാണിക്കുന്ന ഡീവിയേഷൻ സ്റ്റേറ്റ്മെന്റ് ഫയലിൽ കാണുന്നില്ല. പ്രവൃത്തി വ്യതിയാനത്തിന് അനുസൃതമായി എസ്റ്റിമേറ്റ് പുതുക്കിയതായി കാണുന്നില്ല

3) നാല്വ വി സി ബി കളുടെ പ്രവൃത്തി പ്രാദേശിക എതിർപ്പ് മൂലം നടത്താൻ സാധിച്ചില്ല എന്ന് കരാറുകാരൻ അറിയിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരു കത്ത് ഫയലിൽ കാണുന്നു. ഇത് വ്യക്തമാക്കുന്നത് യാതൊരു പ്രാദേശിക പരിശോധനയും കൂടാതെയാണ് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നാണ്.

4) കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നമ്പർ 20/17 ഇന്റഗ്രേറ്റഡ് ടാക്സ് (റേറ്റ്) തീയതി 22/8/17 പ്രകാരം ഗവൺമെന്റുമായി ബന്ധപ്പെട്ട നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 12% ജി എസ് ടി ചുമത്താവുന്നതാണ്. 2017-ലെ ജി.എസ്.ടി. കേന്ദ്ര നിയമം ഖണ്ഡിക 31(2) പ്രകാരം എല്ലാ സേവന പ്രവൃത്തികൾക്കും നിയമാനുസൃത ജി.എസ്.ടി. അടവു വരുത്തിയാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാകുന്നതാണ്. 2.5 ലക്ഷത്തിന് മുകളിൽ പ്രവൃത്തി മൂല്യം വരുന്ന കരാർ പ്രവൃത്തികളിൽ ഉറവിടത്തിൽ നിന്നും ജി.എസ്.ടി. കുറവ് വരുത്തുന്നതു മൂലം കരാറുകാരൻ മുഴുവൻ ജി.എസ്.ടി.യും ഒടുക്കാമെന്ന് ഉറപ്പ് വരുത്താൻ കഴിയും. എന്നാൽ ഉറവിടത്തിൽ നിന്നും നികുതി കുറവ് ചെയ്യേണ്ടതില്ലാത്ത 2.5 ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളിലും 12% ജി.എസ്.ടി. അനുവദിക്കുന്നതിനാൽ ജി.എസ്.ടി.യുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട ജി എസ് ടി ഇൻവോയ്സുകൾ കരാറുകാരൻ ഹാജരാക്കിയതായി കാണുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-27 കുഞ്ഞിപ്പറമ്പത്ത് മുക്ക് കുട്ടാമ്പള്ളി റോഡ് ടാറിങ്-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് & നമ്പർ - | 075/20 കുഞ്ഞിപ്പറമ്പത്ത് മുക്ക് കുട്ടാമ്പള്ളി റോഡ് ടാറിങ് |
| അടങ്കൽ തുക | 220000/- (MG-R) |
| ചെലവ് തുക | 2117846/-<br>Bill No. 2011800436554 Dt 18/8/20 |
| Agreement No- | AE/LSGD/KNP/63/19-20 Dt. 10/12/19 |
| MB No- | 59/20 |
| കോൺട്രാക്ടർ - | അജയകുമാർ സി ടി |

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിൽ നിരവധി അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ ,അനുബന്ധ വിവരങ്ങൾ

സൈറ്റ് കൈമാറിയ തിയ്യതി -10/12/19

അന്തിമ അളവ് തിയ്യതി - 22/5/20

പ്രവൃത്തി പൂർത്തീകരണ കാലാവധി - 9/4/20 (എഗ്രിമെന്റ് പ്രകാരം )

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് - 22/5/20

പൂർത്തീകരിക്കാൻ അധികമെടുത്ത ദിവസങ്ങൾ -42

കേരള പിഡബ്ല്യുഡി മാനവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ

പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ യാതൊരുവിധ അപേക്ഷയും ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയതായി കാണുന്നില്ല. കരാറുകാരന് എഗ്രിമെന്റ് അതോറിറ്റി പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതായും കാണുന്നില്ല. ഈ അവസരത്തിൽ എഗ്രിമെന്റ് അതോറിറ്റി ചെയ്യേണ്ടുന്ന നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു.

1) ഇത്തരത്തിലുള്ള പ്രവൃത്തികൾ അനധികൃത പ്രവൃത്തികൾ ആയി കരുതി യാതൊരുവിധ തുകയും അനുവദിക്കാൻ പാടില്ല (KPWD MANUAL 2012 Sec 2116(iv))

2) പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിക്കാത്ത പക്ഷം കരാറുകാരനുമായിട്ടുള്ള കരാർ റദ്ദ് ചെയ്യുകയും പ്രസ്തുത കരാറുകാരുടെ ലൈസൻസ് റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പ്രസ്തുത കരാറുകാരനെ അടുത്ത അഞ്ച് വർഷത്തേക്ക് മറ്റു പ്രവൃത്തികൾ ക്വാട്ട് ചെയ്യുന്നതിൽ നിന്നും വിലക്കുക (KPWD MANUAL 2012 Sec 2116(v).

3)പ്രവൃത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം അവശേഷിക്കുന്ന പ്രവൃത്തിയുടെ 30 ശതമാനം തുക ഫൈൻ ആയി ഈടാക്കുക (KPWD MANUAL 2012 Sec 2116.2.1)

എന്നാൽ മേൽപ്പറഞ്ഞ നിബന്ധനകൾ ഒന്നും പാലിക്കാതെ അധികൃതർ അനധികൃതമായി യഥേഷ്ടം സമയം പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് അനുവദിക്കുകയാണ് ഉണ്ടായത്. ഒടുവിൽ പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ ആകെ പ്രവൃത്തിമൂല്യം അനുവദിക്കുകയും ചെയ്തു. ഇത് ക്രമപ്രകാരമല്ല. നിയമാനുസൃത പിഴ ഈടാക്കുകയും ഉചിതമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 1-28 കുവേരി ഖാദിസിയ മസ്ജിദ് റോഡ് കലുങ്ക് നിർമ്മാണം -ജി എസ് ടി ഇൻവോയ്സുകൾ കരാറുകാരൻ ഹാജരാക്കിയതായി കാണുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് & നമ്പർ | 282/21 കുവേരി ഖാദിസിയ മസ്ജിദ് റോഡ് കലുങ്ക് നിർമ്മാണം |
| അടങ്കൽ തുക: | 100000 (തനത് ഫണ്ട്) |
| ചെലവ് തുക | 96363/-<br>No. 11886876/24/9/20 (Chq) |
| എഗ്രിമെന്റ് നമ്പർ | AE/LSGD/KNP/75/19-20<br>Dt. 17/3/20 |
| എം. ബുക്ക് നമ്പർ | 96/20 |
| കോൺട്രാക്ടർ | രമേഷ് ബാബു കെ |

പ്രസ്തുത പ്രവൃത്തിയിൽ 12% നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ ആയി 10320 രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നമ്പർ 20/17 ഇൻറഗ്രേറ്റഡ് ടാക്സ് (റേറ്റ്) തീയതി 22/8/17 പ്രകാരം ഗവൺമെന്റുമായി ബന്ധപ്പെട്ട നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 12% ജി.എസ്.ടി ചുമത്താവുന്നതാണ്. 2017-ലെ ജി.എസ്.ടി. കേന്ദ്ര നിയമം ഖണ്ഡിക 31(2) പ്രകാരം എല്ലാ സേവന പ്രവൃത്തികൾക്കും നിയമാനുസൃത ജി.എസ്.ടി. അടവു വരുത്തിയാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാകുന്നതാണ്. 2.5 ലക്ഷത്തിന് മുകളിൽ പ്രവൃത്തി മൂല്യം വരുന്ന കരാർ പ്രവൃത്തികളിൽ ഉറവിടത്തിൽ

നിന്നും ജി.എസ്.ടി. കുറവ് വരുത്തുന്നതു മൂലം കരാറുകാരൻ മുഴുവൻ ജി.എസ്.ടി യും ഒടുക്കാമെന്ന് ഉറപ്പ് വരുത്താൻ കഴിയും. എന്നാൽ ഉറവിടത്തിൽ നിന്നും നികുതി കുറവ് ചെയ്യേണ്ടതില്ലാത്ത 2.5 ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളിലും 12% ജി.എസ്.ടി. അനുവദിക്കുന്നതിനാൽ ജി.എസ്.ടി.യുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ജി.എസ്.ടി ഇൻവോയ്സുകൾ കരാറുകാരൻ ഹാജരാക്കിയതായി കാണുന്നില്ല. ഭാവിയിൽ ജി.എസ്.ടി ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-29 റോഡ് പ്രവൃത്തി - അപാകതകൾ

Cir No. DB3/6512(C)/2013 CE/LSGD Dt 3/11/2016പ്രകാരം കരാറുകാരനാണ് താർ വാങ്ങുന്നതെങ്കിൽ ആയതിന്റെ ഒറിജിനൽ ബിൽ പഞ്ചായത്തിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ ഇവിടെ നിരവധി റോഡ് ടാറിങ് പ്രവർത്തികളിൽ ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 244/20 | ജാതിക്കൂട്ടം മുരിക്കിൽ പീടിക താവത്ത് കോലോത്തു മുക്ക് റോഡ് | 236756/- |
| 134/20 | അരീക്കൽ മട്ട ഇത്തിക്കൽ റോഡ് ടാറിങ് | 278749/- |
| 117/20 | ഉംട്ടി മാവിലേരി റോഡ് ടാറിങ് | 515141/- |
| 058/20 | മാവിലേരി കണ്ടോത്തുംചാൽ റോഡ് ടാറിങ് | 347890/- |
| 079/20 | എടപ്പച്ചാൽ മുക്ക് കേളോത്ത് മുക്ക് റോഡ് ടാറിങ് | 432000/- |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നമ്പർ 8/16-6-2022 )കരാറുകാർ വിവിധ റോഡ് പ്രവൃത്തികൾക്ക് ഒന്നിച്ച് താർ വാങ്ങുന്നതായാണ് എഞ്ചിനീയർ മറുപടി നൽകിയത് . ഇത്തരത്തിൽ ടാർ വാങ്ങുന്നതിന്റെ ബില്ലിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-30 ഐ.കെ.എം.ന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 89/21 ഐ.കെ.എം. ന് അടക്കേണ്ട വിഹിതം |
| അടങ്കൽ | ₹78,248 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹ 78,248 |
| ബിൽ നമ്പർ& തീയ്യതി | 10/2020-21, 16-10-2020 |

മേൽ പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 78,248 രൂപ ഐ.കെ.എം. പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം.ൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന

പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി 50ജി.പി |
| പ്രൊജക്ട് നം | 37/21 |
| അടങ്കൽ | ₹1337500 വികസന ഫണ്ട്<br>₹10,00,000 തനത് ഫണ്ട്<br>₹23,37,500 ഗുണഭോക്തൃവിഹിതം<br>ആകെ ₹46,75,000 |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 20220752011200966401/19.01.21<br>₹8,50,000<br>20220752011201016678/30.01.21<br>₹4,87,500<br>ആകെ ₹1337500 വികസന ഫണ്ട്<br>ചെക്ക് നമ്പർ 2655315/12.02.21<br>₹5,25,000<br>ചെക്ക് നമ്പർ 2655316/26.02.21<br>₹2,50,000<br>ചെക്ക് നമ്പർ 2655319/13.02.21 ₹12500<br>ആകെ ₹787500 തനത് ഫണ്ട്<br>₹2125000 ഗുണഭോക്തൃവിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ വിതരണം നടത്തുന്നത് വള്ള്യായി ക്ഷീരസഹകരണസംഘം വഴിയാണ്. 01.04.21ന് 170 പശുക്കളെ എൻറോൾ ചെയ്തിട്ടുണ്ട്. 31.01.22ന് ₹701421യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള ₹1423579യുടെ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 18-06-2022 | നം. കെ.എസ്.എ./കെ.എൻ.ആർ. /സി.8/916/2022 തീയതി: 23.07.2022. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | രണ്ടാം ക്ലാസ് ഒന്നാം തരമാക്കൽ (പ്രോജക്ട് നം-227/21) | 1,00,000 | 0 |
| | 2020-21 | 200000 | സ്വാന്ത്വന പരിചരണ പദ്ധതി (പ്രോജക്ട് നം-42/21) | 200000 | 0 |
| | 2020-21 | 116892 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി(പ്രോജക്ട് നം-66/21) | 116892 | 0 |
| | 2020-21 | 599780 | ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ(പ്രോജക്ട് നം-301/21) | 599780 | 0 |
| | 2020-21 | 327150 | ശാരീരിക,മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം-95/21) | 327150 | 0 |
| കണ്ണൂർജില്ലാ പഞ്ചായത്ത് | 2020-21 | 327150 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം.95/21) | 327150 | 0 |
| | 2020-21 | 98919 | പാലുല്പാദന ബോണസ് (പ്രോജക്ട് നം.209/21) | 98919 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ (പ്രോജകട് നം-157/2021) | 22000420, 26-03-2021 | 7,47,558 | 7,47,558 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ(എം.എസ്)-2278/2018 /ത.സ്വ.ഭ.വ, 18-08-2018 | 3765757 | 3559874 | 409568 | 0 | 3150306 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 1,08,25,000 |
| തൻവർഷം നിക്ഷേപിച്ചത് | 8,66,000 |
| ആകെ | 1,16,91,000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 1,16,91,000 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701293/9-7-2020 | 8-7-2021 | 5859031 |
| 2 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701253/29-1-2021 | 28-1-2022 | 5831969 |
| | ആകെ | | 1,16,91,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-18 | 200 | ഡെന്റസ് മൾട്ടി സ്പെഷാലിറ്റി ഡെന്റൽ കെയർ സെന്റർ | 120040100748 തീയതി-04-07-2020 |

| | | | | |
|---|---|---|---|---|
| 2018-19 | 1-16 | 800 | നാണു.കെ,<br>മാണിക്കോത്ത് സ്റ്റോർ | 1200107803<br>തീയതി-23-03-2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 7,83,76,479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 10,34,16,597 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4,92,884 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 77,520 | ശ്രീമതി.ബിന്ദു.കെ.മാത്യു, കൃഷി ഓഫീസർ |
| 1-19 | 2,75,000 | ശ്രീമതി.സരിത.കെ.വി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-23 | 40,364 | ശ്രീ.സുരേഷ്.എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 1,00,000 | ശ്രീ.സുരേഷ്.എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4,92,884 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.ബിന്ദു.കെ.മാത്യു, കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), കൂത്തുപറമ്പ് ബ്ലോക്ക് | തത്ത്വമസി, മൂന്നാം മൈൽ, പൊന്ന്യം വെസ്റ്റ്,പി.ഒ |
| ശ്രീമതി.സരിത.കെ.വി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | അസിസ്റ്റന്റ്ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | പ്രസാദ് നിവാസ്, പാവന്നൂർ മെട്ട, മയ്യിൽ (പി.ഒ) |
| ശ്രീ.സുരേഷ്.എൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് | പുലരി, കതിരൂർ.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 2 |
| 2001-02 പദ്ധതി വിഹിതം | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 2 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 4 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 7 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 9 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 5 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 20 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 10 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 3 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 7 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ /സി.8/843/2019 തീ. 13-6-2019 | 46 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /968/2016 തീ. 30-6-2019 | 8 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /2010/2016 തീ. 4-1-2017 | 10 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.8/1714/2017 തീ. 9-11-2017 | 22 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.8/254/2019 തീ. 28-3-2019 | 14 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.8/1457/2019 തീ. 17-10-2019 | 25 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ /സി.8/243/2022 തീ. 28-04-2022 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

RECEIPT & PAYMENT STATEMENT OF
KUNNOTHUPARAMBA GRAMA PANCHAYAT

For the period from 01-04-2020 to 31-03-2021

| Code | Head Account | Schedule No. | Current Year Amount (Rs.) |
| --- | --- | --- | --- |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 50,863,705.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,330,610.00 |
| 140000000 | Fees & User Charges | RP-4 | 800,497.00 |
| 150000000 | Sale & Hire Charges | RP-5 | 91,736.00 |
| 160000000 | Revenue Grants, Funds, Contributions& Compensations | RP-7 | 64,202,856.00 |
| 171000000 | Interest Earned | RP-9 | 394,562.00 |
| 210000000 | Establishment Expenses | RP-12 | 16.00 |
| 220000000 | Administrative Expenses | RP-13 | 247.00 |
| 230000000 | Operations & Maintenance | RP-14 | 17.00 |
| 311000000 | Earmarked Funds | RP-28 | 2,116.00 |
| 312000000 | Reserves | RP-29 | 75,000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 6,432,085.00 |
| 341000000 | Deposit Works | RP-34 | 0.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4,463,568.00 |
| 460000000 | Loans, Advances and Deposits | RP-49 | 30,000.00 |
| Non-Operating | | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 23,208.00 |
| 340000000 | Deposits Received | RP-33 | 148,575.00 |
| 350000000 | Other Liabilities | RP-35 | 381,386.00 |
| | Total : | | 129,240,184.00 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-12 | 628,790.00 |
| 220000000 | Administrative Expenses | RP-13 | 342,615.00 |
| 230000000 | Operations & Maintenance | RP-14 | 1,063,340.00 |
| 240000000 | Interest & Finance Charges | RP-15 | 6.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 7,959,475.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 15,352,735.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 11,976,473.00 |
| 254000000 | State Sponsored Schemes | RP-19 | 247,720.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 75.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 2,500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1,141,975.00 |
| 412000000 | Capital Work In Progress | RP-39 | 6,554,113.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 2,313,335.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 5,547,324.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,239,534.00 |
| 470000000 | Other Assets | RP-50 | 65,820.00 |

| | | | |
|---|---|---|---|
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 70,674.00 |
| 350000000 | Other Liabilities | RP-35 | 48,684,405.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 225,688.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 25,823,587.00 |
| | Total | | 129,240,184.00 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

INCOME AND EXPENDITURE STATEMENT
OF KUNNOTHUPARAMBA GRAMA PANCHAYAT
For the period from 01-04-2020 to 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 5,637,496.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 0.00 |
| 140000000 | Fees & User Charges | I-4 | 1,080,398.00 |
| 150000000 | Sales & Hire Charges | I-5 | 91,736.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 219,185,144.00 |
| 170000000 | Income from Investments | I-7 | 866,000.00 |
| 171000000 | Interest Earned | I-8 | 394,562.00 |
| 180000000 | Other Income | I-9 | 23,208.00 |
| A | Total - INCOME | | 227,278,544.00 |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10 | 9,919,901.00 |
| 220000000 | Administrative Expenses | I-11 | 1,172,298.00 |
| 230000000 | Operations & Maintenance | I-12 | 2,077,980.00 |
| 240000000 | Interest & Finance Charges | I-13 | 6.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 12,772,375.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 24,511,420.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 14,920,399.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 0.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 102,202,520.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 43,053,468.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 558,880.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 3,938,850.00 |
| 190000000 | Prior Period Income | I-19 | -26,756.00 |
| B | B - Total : EXPENDITURE | | 215,128,097.00 |
| C = A-B | Gross Surplus / (deficit) of income over expenditure before Prior Period Items. | | 12,150,447.00 |
| D=290000000 | Prior period Expenses | I-18 | -123.00 |
| E=C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 12,150,570.00 |

| | | | |
|---|---|---|---|
| | | | |

## അനുബന്ധം 3-3

## BALANCE SHEET

BALANCE SHEET OF KUNNOTHUPARAMBA
GRAMA PANCHAYAT AS ON 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 310000000 | Panchayat (General) Fund | B-1 | 40,780,216.24 |
| 311000000 | Earmarked Funds | B-2 | 54,928.00 |
| 312000000 | Reserves | B-3 | 65,779,645.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 8,975,291.00 |
| 330000000 | Secured Loans | B-5 | 3,150,306.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 180,210.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2,509,048.76 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 121,429,645.00 |
| 410000000 | Fixed Assets | B-11 | 3,144,947.00 |
| 412000000 | Capital Work-in-Progress | B-11(b) | 0.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 591,198.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9,015,495.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 112,858,069.00 |
| 416000000 | Accumulated Depreciation | B-11(a) | -52,838,504.00 |
| 420000000 | Investment -General Fund | B-12 | 11,691,000.00 |

| | | | |
|---|---|---|---|
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9,798,751.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank Balance | B-17 | 25,823,587.00 |
| 460000000 | Loans, advances and deposits | B-18 | 1,345,102.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 121,429,645.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.